# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4012** **12/12/2018-ൽ മറുപടിക്ക്**

### പകർച്ചവ്യാധികൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ

**ചോദ്യം** **മറുപടി**

**ശ്രീ.പി.ഉബൈദുള്ള**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

**എ)** പകർച്ചവ്യാധികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾക്കായി മലപ്പുറം ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിൽ ആവശ്യമായ ഫീൽഡ് വർക്കർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**എ)** ഉണ്ട്.
നിലവിലുള്ള ജീവനക്കാരുടെ നേതൃത്വത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

**ബി)** ജില്ലയിലെ ജനസംഖ്യയും ഭൂവിസ്തൃതിയും കണക്കിലെടുത്ത് ആവശ്യമായ ജീവനക്കാരുടെ എണ്ണവും, നിലവിലുള്ളവരുടെ എണ്ണവും വെളിപ്പെടുത്തുമോ;

**ബി)** മലപ്പുറം ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തസ്തികകളും നിലവിലുള്ള തസ്തികകളും താഴെപ്പറയുന്നു.

| തസ്തിക | നിലവിലുള്ളത് | ആവശ്യമായത് |
|---|---|---|
| ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 | 1 | 1 |
| അസിസ്റ്റന്റ് എന്റമോളജിസ്റ്റ് | ഇല്ല | 1 |
| ഇൻസെക്ട് കളക്ടർ | 2 | 2 |
| ഫീൽഡ് അസിസ്റ്റന്റ് | 5 | 6 |
| ഫീൽഡ് വർക്കർ | 20 | 35 |
| **ആകെ** | **28** | **45** |

**സി)** സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മന്ത് രോഗികളുള്ള മലപ്പുറം ജില്ലയിൽ, പകർച്ചവ്യാധി മരണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആവശ്യമായ ഫീൽഡ് വർക്കർ തസ്തികയുൾപ്പെടെ മറ്റു ജീവനക്കാരുടെയും തസ്തിക സൃഷ്ടിക്കുവാനും നിയമനങ്ങൾ നടത്തുവാനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**സി)** തൽക്കാലം പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ